ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 27.03.2026**

## പ്രധാനവാർത്തകൾ

1) തിരഞ്ഞെടുപ്പ് ചൂടിൽ കേരളം. പ്രചാരണ പരിപാടികൾ ശക്തമാക്കി സ്ഥാനാർത്ഥികൾ. വോട്ടെടുപ്പിന് ഇനി 13 ദിവസം മാത്രം.

2) യുവജനങ്ങളെ പോളിങ് ബൂത്തിലേക്ക് കൂടുതലായി എത്തിക്കാൻ നടപടികളുമായി തെരഞ്ഞെടുപ്പു കമ്മീഷൻ. എൻറെ വോട്ട് എൻറെ ശക്തി പ്രചാരണ പരിപാടിക്ക് സംസ്ഥാനത്ത് നാളെ തുടക്കം.

RNU TVPM

3) നടപടിക്രമങ്ങൾ പൂർത്തിയാക്കി പാർലമെൻറിൻറെ ഇരു സഭകളും ഇന്നത്തേക്ക് പിരിഞ്ഞു

4) രാജ്യത്ത് രണ്ട് മാസത്തേക്ക് വേണ്ട ക്രൂഡ് ഓയിൽ ശേഖരവും, മതിയായ തോതിൽ എൽപിജി, പിഎൻജി എന്നിവയും ലഭ്യമാണെന്ന് പെട്രോളിയം മന്ത്രാലയം. രാജ്യത്ത് ലോക്ക്ഡൗൺ പ്രഖ്യാപിക്കുമെന്ന പ്രചാരണം വസ്തുതാവിരുദ്ധമാണെന്നും കേന്ദ്രം.

5) ഓഹരി വിപണികളിൽ വൻ നഷ്ടം. ആഗോള വിപണിയിൽ അസംസ്കൃത എണ്ണ വില ഉയർന്നു.

6) ഐപിഎൽ ക്രിക്കറ്റ് 19 ആം സീസണ് നാളെ ബംഗളുരുവിൽ തുടക്കമാവും. ആദ്യ മത്സരത്തിൽ റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു സൺറൈസേഴ്സ് ഹൈദരാബാദിനെ നേരിടും

*****************

## തിരഞ്ഞെടുപ്പ്-കേരളം

സംസ്ഥാനത്ത് നിയമസഭാ തിരഞ്ഞെടുപ്പിനുള്ള പ്രചാരണം ഊർജിതമായി പുരോഗമിക്കുന്നു. വോട്ടെടുപ്പിന് ഇനി 13 ദിവസം മാത്രമാണ് അവശേഷിക്കുന്നത്. 140 മണ്ഡലങ്ങളിലായി 890 സ്ഥാനാർത്ഥികളാണ് ജനവിധി തേടുന്നത്. മത്സര ചിത്രം തെളിഞ്ഞതോടെ സമ്മതിദായകരെ നേരിൽ കണ്ടും, പ്രമുഖ നേതാക്കളെയടക്കം മണ്ഡലത്തിലെത്തിച്ച് പ്രചാരണം കരുത്തുറ്റതാക്കിയും വോട്ടുറപ്പിക്കുകയാണ് സ്ഥാനാർത്ഥികൾ. അടുത്തമാസം 9 നാണ് കേരളത്തിലും, പുതുച്ചേരിയിലും അസമിലും വോട്ടെടുപ്പ്. വോട്ടെണ്ണൽ മെയ് നാലിന് നടക്കും. വേനൽച്ചൂടിനെ അവഗണിച്ചും വലിയ തോതിലുള്ള ജനപങ്കാളിത്തമാണ് പ്രചാരണ പരിപാടികളിൽ ദൃശ്യമാകുന്നത്. പ്രധാനമന്ത്രിയും മുതിർന്ന ബിജെപി നേതാവുമായ നരേന്ദ്ര മോദി ഞായറാഴ്ച തൃശ്ശൂരും പാലക്കാടും എൻഡിഎ പ്രചാരണത്തിനെത്തും. മുഖ്യമന്ത്രിയും മുതിർന്ന സിപിഐഎം നേതാവുമായ പിണറായി വിജയൻ ഇന്ന് തൃശ്ശൂരിൽ എൽ ഡി എഫ് പ്രചാരണ പരിപാടികളിൽ പങ്കെടുത്തു. പ്രതിപക്ഷ നേതാവും മുതിർന്ന കോൺഗ്രസ് നേതാവുമായ വി.ഡി സതീശൻ ഇന്ന് തിരുവനന്തപുരത്തെ വിവിധ മണ്ഡലങ്ങളിൽ യുഡിഎഫ് സ്ഥാനാർത്ഥികൾക്കായി പ്രചാരണം നടത്തി. മുതിർന്ന സിപിഐഎം നേതാവ് ബൃന്ദ കാരാട്ട് ഇന്ന് കാട്ടാക്കടയിൽ പ്രചാരണയോഗത്തെ അഭിസംബോധന ചെയ്തു. കോൺഗ്രസ്

RNU TVPM

നേതാവും എംപിയുമായ ശശി തരൂർ നാളെ എറണാകുളത്ത് യുഡിഎഫ് പ്രചാരണ പരിപാടികളിൽ പങ്കെടുക്കും. സ്മൃതി ഇറാനി ഉൾപ്പെടെയുള്ള മുതിർന്ന ബിജെപി നേതാക്കൾ എൻഡിഎ പ്രചാരണത്തിനായി വരും ദിവസങ്ങളിൽ സംസ്ഥാനത്തെത്തും.

*****************

## പാലക്കാട്-തിരഞ്ഞെടുപ്പ് (ഇൻട്രോ)

മുന്നണികളുടെ സ്ഥാനാർഥി ചിത്രം വ്യക്തമായതോടെ പാലക്കാട് ജില്ലയിൽ തെരഞ്ഞെടുപ്പ് പ്രചരണത്തിന് സംസ്ഥാന ദേശീയ നേതാക്കൾ എത്തിതുടങ്ങി.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്.**

**(വോയ്സ്)**

*****************

RNU TVPM

## കോട്ടയം-തിരഞ്ഞെടുപ്പ് (ഇൻട്രോ)

വേനൽ ചൂടിന് ഒപ്പം കോട്ടയം ജില്ലയിലെ മുഴുവൻ സ്ഥാനാർത്ഥിളും പ്രചാരണ ആവേശത്തിലാണ്. 9 മണ്ഡലങ്ങളിലേയും എല്ലാ സ്ഥാനാർത്ഥികളും സജീവമായി പ്രചാരണത്തിന് ഇറങ്ങിക്കഴിഞ്ഞു.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കോട്ടയം ജില്ലാ പ്രതിനിധി ദേവിക എസ് നായർ.**

(വോയ്സ്)

*****************

## എൻറെ വോട്ട്, എൻറെ ശക്തി

തെരഞ്ഞെടുപ്പു പ്രചാരണം

ഊർജ്ജിതമായിക്കൊണ്ടിരിക്കെ യുവജനങ്ങളെ കൂടുതലായി പോളിങ് ബൂത്തിലേക്ക് എത്തിക്കാനുള്ള നടപടികളുമായി തെരഞ്ഞെടുപ്പു കമ്മീഷൻ . യുവജനങ്ങളിലെ വോട്ടിങ് ശതമാനം വർധിപ്പിക്കുക എന്ന ലക്ഷ്യവുമായി കേരളാ ലീഗൽ സർവ്വീസസ് അതോറിറ്റിയുമായും ജനമൈത്രി പോലീസുമായും ചേർന്ന് എന്റെ

വോട്ട് എന്റെ ശക്തി എന്ന സംസ്ഥാന തല പ്രചാരണ പരിപാടിക്കാണ് തെരഞ്ഞെടുപ്പു കമ്മീഷൻ നാളെ തുടക്കം കുറിക്കുന്നത്. തിരുവനന്തപുരം മാനവീയം വീഥിയിൽ പ്രചാരണ പരിപാടികളുടെ സംസ്ഥാന തല ഉദ്ഘാടനം ജില്ല സെഷൻസ് ജഡ്ജ് നസീറ നിർവഹിക്കും. . തെരുവു നാടകങ്ങൾ, ഫ്ളാഷ് മോബുകൾ, ബോധവൽക്കരണ ക്ലാസുകൾ തുടങ്ങിയ നിരവധി പരിപാടികൾ ഇതിന്റെ ഭാഗമായി നടക്കും.

*****************

## കേൽക്കർ- വിഡി സതീശൻ (ഇൻട്രോ)

പ്രതിപക്ഷ നേതാവ് വിഡി സതീശൻ ഒരു സ്വകാര്യ ചാനലിന് നൽകിയ അഭിമുഖം കേരള പൊലീസിന്റെ നിർദേശ പ്രകാരം ഫേസ്ബുക്കിൽ നിന്ന് നീക്കം ചെയ്ത സംഭവത്തിൽ മറുപടിയുമായി മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു ഖേൽക്കർ. അഭിമുഖം സാമൂഹിക മാധ്യമങ്ങളിൽ നിന്ന് നീക്കിയത് ഫേസ്ബുക്കിന്റെ മാതൃകമ്പനിയായ മെറ്റക്ക് സംഭവിച്ച അബദ്ധമാണെന്നും അഭിമുഖത്തിലെ കമൻറുകൾ നീക്കം ചെയ്യാനാണ് പോലീസ് ആവശ്യപ്പെട്ടിരുന്നതെന്നും അദ്ദേഹം പറഞ്ഞു. വീഡിയോ പുനസ്ഥാപിക്കാൻ പോലീസ് കമ്പനിയോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും ശ്രീ ഖേൽക്കർ വ്യക്തമാക്കി.

(ഹോൾഡ് വോയ്സ്)

*****************

## വാർത്താക്കുറിപ്പ് -മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ

നിയമസഭ തിരഞ്ഞെടുപ്പിനോട് അനുബന്ധിച്ച് പ്രചാരണ വാഹന അനുമതികൾ, പൂർണ്ണമായും സുവിധാ പോർട്ടൽ വഴി ഓൺലൈനായി മാത്രമേ നൽകൂ എന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ. suvidha.eci.gov.in എന്ന വെബ്സൈറ്റ് വഴിയോ ECINET ആപ്പ് വഴിയോ അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്.

RIU TVPM

*****************

## രാജ്യ സഭ

നടപടിക്രമങ്ങൾ പൂർത്തിയാക്കി പാർലമെൻറിൻറെ ഇരു സഭകളും ഇന്നത്തേക്ക് പിരിഞ്ഞു.. ധനകാര്യ ബിൽ, ധനവിനിയോഗ ബിൽ 2 എന്നിവ രാജ്യസഭ ചർച്ച ചെയ്ത ശേഷം തിരിച്ചയച്ചു. ധനമന്ത്രി നിർമല സീതാരാമൻ ചർച്ചയ്ക്ക് മറുപടി നൽകി. ഇരു ബില്ലുകൾ ലോക്സഭ ഇതിനകം തന്നെ പാസാക്കിയിരുന്നു. ജൻവിശ്വാസ് ബില്ലും, ഇൻസോൾവൻസി ആൻഡ് ബാങ്ക്റപ്റ്റ്സി കോഡ് ഭേദഗതി ബില്ലും ലോക്സഭ ഇന്ന് പരിഗണിച്ചു.

*****************

## സുജാത ശർമ്മ (ഇൻട്രോ)

രാജ്യത്ത് രണ്ട് മാസത്തേക്ക് ആവശ്യമായ ക്രൂഡ് ഓയിൽ ശേഖരവും, മതിയായ തോതിൽ എൽപിജി, പിഎൻജി എന്നിവയും ലഭ്യമാണെന്ന് പെട്രോളിയം - പ്രകൃതി വാതക മന്ത്രാലയ ജോയിൻറ് സെക്രട്ടറി സുജാത ശർമ്മ. റിഫൈനറികൾ പൂർണ്ണ ശേഷിയിൽ പ്രവർത്തിക്കുന്നതിനാൽ ആഭ്യന്തര എൽപിജി ഉത്പാദനം 40 ശതമാനം വർദ്ധിപ്പിച്ചതായും പശ്ചിമേഷ്യൻ സംഘർഷവുമായി ബന്ധപ്പെട്ട് നടത്തിയ അന്തർ മന്ത്രാലയ വാർത്താ സമ്മേളനത്തിൽ അവർ വ്യക്തമാക്കി. ഗുണഭോക്താക്കൾ പരിഭ്രാന്തിയോടെ എൽ പി ജി ബുക്ക് ചെയ്യേണ്ട സാഹചര്യം നിലവിലില്ല. വാണിജ്യാവശ്യങ്ങൾക്കുള്ള എൽപിജി വിതരണം 70 ശതമാനമാക്കി വർദ്ധിപ്പിച്ചിട്ടുണ്ടെന്നും ശ്രീമതി സുജാത ശർമ വ്യക്തമാക്കി.

(ഹോൾഡ്)

രാജ്യത്ത് ലോക്ക്ഡൗൺ പ്രഖ്യാപിക്കുമെന്ന തരത്തിൽ പ്രചരിക്കുന്ന വിവരങ്ങൾ വസ്തുതാവിരുദ്ധമാണെന്ന് കേന്ദ്ര സർക്കാർ വ്യക്തമാക്കിയിരുന്നു.

*****************

PNU TVPM

## മാലിന്യ സംസ്കരണം

രാജ്യത്ത് പുതുക്കിയ ഖരമാലിന്യ പരിപാലന ചട്ടം 2026, ഏപ്രിൽ ഒന്നു മുതൽ നിലവിൽവരും. പുതുക്കിയ ചട്ടപ്രകാരം മാലിന്യം അവയുടെ ഉറവിടത്തിൽത്തന്നെ ജൈവമാലിന്യം . അജൈവമാലിന്യം , സാനിറ്ററി മാലിന്യം , പ്രത്യേക പരിചരണം ആവശ്യമുള്ള മാലിന്യം എന്നിങ്ങനെ നാലായി തരംതിരിച്ച് ശാസ്ത്രീയമായി പരിപാലിക്കണം. ഡയപ്പറുകൾ, സാനിറ്ററി പാഡുകൾ തുടങ്ങിയവ നിർമ്മാതാക്കൾ നൽകുന്ന കവറുകളിലോ തദ്ദേശ സ്ഥാപന അധികൃതർ നിർദ്ദേശിക്കുന്ന രീതിയിലോ സുരക്ഷിതമായി പൊതിഞ്ഞ് പ്രത്യേക ബിന്നുകളിൽ മാത്രമേ നിക്ഷേപിക്കാവൂ എന്ന് പുതുക്കിയ ചട്ടത്തിൽ പറയുന്നു.

*****************

## നോ ട്രാൻസാക്ഷൻ

സംസ്ഥാന സർക്കാർ ഏപ്രിൽ 1 'No Transaction Day' ആയി പ്രഖ്യാപിച്ചിരിക്കുന്നതിനാൽ അന്നേദിവസം ട്രഷറികളിൽ ഇടപാടുകൾ ഉണ്ടായിരിക്കില്ലെന്ന് ട്രഷറി ഡയറക്ടർ അറിയിച്ചു. ഏപ്രിൽ 4ന് രാവിലെ ഏജൻസി ബാങ്കുകളിൽ നിന്ന് പണം ലഭ്യമാക്കിയതിന് ശേഷമേ ട്രഷറികളിൽ പെൻഷൻ, സേവിങ്സ് ബാങ്ക് തുടങ്ങിയവ വഴിയുള്ള പണമിടപാടുകൾ ആരംഭിക്കുകയുള്ളു എന്നും അറിയിപ്പിൽ പറയുന്നു.

RNU TVPM

*****************

## എടയാർ തീപ്പിടിത്തം

എറണാകുളം എടയാറിലെ ഓയിൽ കമ്പനിയിലുണ്ടായ തീപ്പിടിത്തത്തിൽ ഒരു തൊഴിലാളി മരിച്ച സംഭവത്തിൽ സ്ഥിതിഗതികൾ വിലയിരുത്താൻ ജില്ലാ കളക്ടർ ജി പ്രിയങ്കയുടെ അധ്യക്ഷതയിൽ പ്രത്യേക യോഗം ചേർന്നു.

മരിച്ച തൊഴിലാളിയുടെ കുടുംബത്തിന് അടിയന്തര ധനസഹായമായി 5 ലക്ഷം രൂപ നൽകുന്നതിനും, കുട്ടികളുടെ പഠനച്ചെലവ് ഏറ്റെടുക്കുന്നതിനും, ഭാര്യക്ക് സമ്മതമെങ്കിൽ

തൊഴിൽ നൽകുന്നതിനും ഓയിൽ കമ്പനി മാനേജ്മെന്റിന് നിർദ്ദേശം നൽകിയതായി ജില്ലാ കളക്ടർ പറഞ്ഞു.

*****************

## ഓഹരി -സ്വർണ്ണം

രാജ്യത്തെ ഓഹരി വിപണികളിൽ കനത്ത നഷ്ടം. സെൻസെക്സ് 1,690 പോയിന്റ് താഴ്ന്ന് 73,583 ലും, നിഫ്റ്റി 486 പോയിൻറ് ഇടിഞ്ഞ് 22,819 ലും വ്യാപാരം അവസാനിച്ചു . സ്വർണ്ണ വില കൂടി. പവന് 120 രൂപ വർധിച്ച് ഒരു ലക്ഷത്തി 6,120 രൂപയും ഗ്രാമിന് 13,265 രൂപയുമാണ് ഇന്നത്തെ വില. യുഎസ്-ഇറാൻ ചർച്ചകളിൽ പുരോഗതി ഉണ്ടാകാത്ത സാഹചര്യത്തിൽ ആഗോള വിപണിയിൽ അസംസ്കൃത എണ്ണ വിലയും രണ്ടര ശതമാനത്തിലധികം വർദ്ധിച്ചു.

RNI TVPM

*****************

## ഐപിഎൽ

ഇന്ത്യൻ പ്രീമിയർ ലീഗ് ക്രിക്കറ്റ് 19 ആം സീസണ് നാളെ തുടക്കം. ബെംഗളൂരുവിലെ ചിന്നസ്വാമി സ്റ്റേഡിയത്തിൽ വൈകുന്നേരം 7.30 ന് ആരംഭിക്കുന്ന ആദ്യ മത്സരത്തിൽ, നിലവിലെ ചാമ്പ്യന്മാരായ റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു സൺറൈസേഴ്സ് ഹൈദരാബാദിനെ നേരിടും. 10 ടീമുകൾ പങ്കെടുക്കുന്ന ടൂർണമെൻറിൽ 84 മത്സരങ്ങളായിരിക്കും ഉണ്ടാവുക. 13 വേദികളിലായാണ് മത്സരങ്ങൾ . മെയ് 31 നാണ് ഫൈനൽ.

*****************

**********

***